**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കോർപറേഷൻ പരിധിയിൽ ഗുണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കാരപ്പറമ്പ് സർക്കിൾ പരിധിയിൽപ്പെട്ട തടമ്പാട്ടുതാഴം ഫാത്തിമ ചിക്കൻ സ്റ്റാൾ എന്ന സ്ഥാപനത്തിൽ ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചി വിൽപ്പന നടത്തിയതിന് കടയടച്ച് പൂട്ടുകയും ന്യൂനതകൾ പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിയിട്ടുള്ളതുമാണ്.** |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ആകെ 8 സ്ഥാപനങ്ങൾക്ക് ന്യൂനതാ നോട്ടീസ് നൽകുകയും 2 സ്ഥാപനങ്ങൾ താത്കാലികമായി അടച്ച് പൂട്ടുകയും ന്യൂനതകൾ പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിട്ടുള്ളതും 4 സ്ഥാപനങ്ങൾ ന്യൂനതകൾ പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിട്ടുള്ളതുമാണ്. 2 സ്ഥാപനങ്ങൾ നിലവിൽ ഇപ്പോഴും അടഞ്ഞു കിടക്കുന്നതാണ്. |
| (സി) | ഒരേ സ്ഥാപനത്തിനെതിരെ ഒന്നിൽ കൂടുതൽ തവണ നടപടി സ്വീകരിച്ചിട്ടുണ്ടോ; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ; | (സി) | **ഉണ്ട്. സി.പി.ആർ ചിക്കൻ സ്റ്റാൾ (റഷീദ് സി.പി)** |
| (ഡി) | ഹെൽത്ത് വിഭാഗം ജീവനക്കാർ ഇത്തരം സ്ഥാപനങ്ങൾക്കായി അനുകൂല നിലപാട് സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഹെൽത്ത് വിഭാഗം ജീവനക്കാർ ഇത്തരം സ്ഥാപനങ്ങൾക്കായി അനുകൂല നിലപാട് സ്വീകരിക്കാറില്ല. |
| (ഇ) | പൊതുജനത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഇ) | മുഴുവൻ കോഴിക്കടകളിലെയും കോഴിമാലിന്യം വെൻഡറിങ്ങ് പ്ലാൻറിലേക്ക് കൈമാറി സംസ്കരിച്ച് വരുന്നതും കോഴിമാലിന്യം ശേഖരിക്കുന്നതിനായി മുഴുവൻ ചിക്കൻ കടകളിലും ഫ്രീസർ സംവിധാനം ഏർപ്പെടുത്തിട്ടുള്ളതും സമയബന്ധിതമായി സ്ഥാപനങ്ങളിൽ ഹെൽത്ത് വിഭാഗം പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുകയും ശുചിത്വ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ